little
KITEs

# സമന്വയ

## ജി. എച്ച്. എസ്. എസ് കൊട്ടമുണ്ട

**ഉള്ളടക്കം**

ആമുഖം..........................................................................................................................................2
..........................................................................................................................................................9

തട്ടുകട.....12
വിഷുക്കണി.....13

# ആമുഖം

*ലോകം അനുനിമിഷം മാറികൊണ്ടിരിക്കുകയാണ്. ദൂരവും സമയവും തീർക്കുന്ന അതിർ വരമ്പുകൾ അതിവേഗം മാഞ്ഞുപോയികൊണ്ടിരിക്കുന്നു ശാസ്ത്രത്തിന്റേയും നമ്മുടെ നിത്യജീവിതത്തിന്റെയും എല്ലാ മേഖലകളിലും വിവര വിനിമയ സാങ്കേതികവിദ്യ വിപുലവും വിസ്മ്യകരവുമായ മാറ്റങ്ങൾ വരുത്തി .നാം പഠിക്കുന്ന വിപുലങ്ങളിലെല്ലാം ഗണിതമായാലും ശാസ്ത്ര്മായാലും സാമൂഹ്യ ശാസ്ത്രമായാലും വിവര വിനിമയ സാങ്കേതിക വിദ്യ നന്നായി ഉപയോഗപ്പെടുത്തുന്നു ഈ യൊര വസരത്തിൽ കൊട്ടുമുണ്ട ഗവ.ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ടീം അദ്ധ്യാപകരുടേയും സഹപാഠികളുടേയും സഹായത്തോടെ"സമന്വയ " എന്ന ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു. ധാരാളം പരിമിതികൾക്കിടയിൽ പുറത്തിറക്കുന്ന ഈ മാഗസിൻ വായിച്ച് വേണ്ട നിർദേശങ്ങൾ നൽകണമെന്ന് അപേക്ഷിക്കുന്നു.*

***ലിറ്റിൽ കൈറ്റ്സ് ടീം***

# ബാലപുരം

പണ്ട് ബാലപുരം എന്ന ഒരു ഗ്രാമം ഉണ്ടായിരുന്നു.
അവിടെ ഒരു നരസിംഹ ക്ഷേത്രം ഉണ്ടായിരുന്നു.
അതിന് മുമ്പിലായി ഒരു കുളവും ഉണ്ട്.
ആ ഗ്രാമത്തിൽ താമസിക്കുന്നവരിൽ പലരും
ആ ദൈവത്തിൽ വിശ്വാസം ഉള്ളവരായിരുന്നു.
എന്നാൽ ചിലരെങ്കിലും വിശ്വാസം ഇല്ലാത്തവരും
ഉണ്ടായിരുന്നു.ഒരിക്കൽ ഒരു രാത്രിയിൽ കുറച്ച്
ആളുകൾ ക്ഷേത്രത്തിനടുത്തുള്ളകുളത്തിലേക്കു
വന്നു.അവർ മീൻ പിടിക്കാനാണങ്ങോട്ടു വന്നത്.
അവർ മീൻ പിടിക്കുമ്പോൾ അവരുടെ പുറത്തേക്ക്
ആരോ പിന്നിൽ നിന്ന് അടിക്കുന്നു. എന്നാൽ
പിന്നിൽ ആരെയും കാണുന്നില്ല. അത് ആ

ക്ഷേത്രത്തിലെ ദൈവമായിരുന്നു.പക്ഷേ അതവർക്ക് കാണാൻ സാധിച്ചില്ല.അവരെ ദൈവം അടിച്ചോടിച്ചു.അവരുടെ വീട് എത്തുന്നതു വരെ അടിച്ചു.ആ കുളത്തിൽനിന്ന് മീൻപിടിക്കാൻ പാടില്ലായിരുന്നു.പക്ഷേ അവരതു ലംഘിച്ചുകൊണ്ട് മീൻപിടിച്ചു.അതിനുള്ള ഫലം ആണവർക്കു ലഭിച്ചത്.അവിടെ നിന്നും മീൻ പിടിച്ചവർക്ക് ഇതുവരെയും നല്ല ജീവിതം നയിക്കാനായിട്ടില്ല.അങ്ങനെ ചെയ്തവർക്ക് പല അസുഖവും വന്നിട്ടുണ്ട്.അത്രക്കുശക്തിയാണ് നരസിംഹക്ഷേത്രത്തിലെ ദൈവത്തിന്...........

അഞ്ജന.പി **9.A**



# സ്നേഹസമ്മാനം

ഒരുചെറിയ കൂരയിലാണ് അവർ താമസിക്കുന്നത്.

രമണിയും,സതീശനും മകൻ ഗണേശനും. ഗണേശൻ നാലാം ക്ലാസിലാണ് പഠിക്കുന്നത്. പഠിപ്പെന്നുവെച്ചാൽ എന്നും പഠിക്കാൻ പോവുകയൊന്നുമില്ല. എന്നാണോ കുറച്ചു പണം കിട്ടുന്നത് അന്ന് വിദ്യാലയത്തിൽ പോകും അത്ര തന്നെ. സതീശനാണെങ്കിൽ 6 മാസമായി കിടപ്പിലാണ്. സതീശനാണ് കുറച്ചുതുക വീട്ടിലേക്ക് കൊണ്ടുവന്നിരുന്നത്. ലോട്ടറിടിക്കറ്റ് വിറ്റ് കിട്ടുന്ന പൈസയ്ക്ക് ഒരു മാസമെങ്കിലും അവർ ജീവിക്കുമായിരുന്നു. ഇപ്പോൾ അതുമില്ല. രമണി പുത്തേടത്ത് വീട്ടിൽ പോയി വേലക്കാരിയായി ജോലി ചെയ്താണ് കുറച്ച് തുക,യെങ്കിലും ഇപ്പോൾ ലഭിക്കുന്നത്. ആ തുകകൊണ്ട് കുറച്ച് അരിയും പയറും പഞ്ചസാരയും കാപ്പിപൊടിയും വാങ്ങാം അതുകൊണ്ട് രാവിലെ ചായേം പിന്നീട് കഞ്ഞീം പയറും കഴിക്കാം അത്ര തന്നെ ഗണേശന് ഓട്ടത്തിൽ ഇത്തിരി മികവുണ്ട് അവൻ നല്ല വേഗതയിൽ ഓടാറുണ്ട്. കഴിഞ്ഞ തവണ ഓട്ടമത്സരത്തിൽ അവനായിരുന്നു ഫസ്റ്റ്

അങ്ങനെയിരിക്കെ ഒരു ദിവസം രാത്രി കിടന്നുറങ്ങാൻ കിടക്കുമ്പോഴാണ് ഗണേശൻ അമ്മയോടു പറയുന്നത്.നാളെ ഓട്ടപന്തയമാണ് എനിക്ക് കൂടാൻ നല്ല ആഗ്രഹമുണ്ട്. ഞാൻ കൂടട്ടേ അമ്മേ? ഇത് കേട്ട് രമണി പറഞ്ഞു:"മോനേ നീ കൂടിക്കോ എന്നിട്ട് ഒന്നാംസ്ഥാനം വേടിച്ചുവാ" പക്ഷേ അമ്മേ ഇപ്രാവിശ്യം പുതിയ കുട്ടികളുണ്ട് അവരെല്ലാം എന്നേക്കാൾ നന്നായി ഓട്ടും.രമണി:അതു കൊണ്ടെന്താ മോനെ നീ അതൊന്നും ശ്രദ്ധിക്കേണ്ട നീ നന്നായി ഓടിയാൽ മതി ആകട്ടെ എന്താണ് സമ്മാനം? ഇതു കേട്ട് ഗണേഷൻ പറഞ്ഞു:ട്രോഫിയും മെഡലും പൈസയുമാണമ്മേ സമ്മാനം.

അപ്പോഴാണ് കട്ടിലിൽ കിടക്കുന്ന സതീശൻ പറഞ്ഞത് :ലിങ്ങളെന്താ ഇപ്പോൾ വർത്തമാനം പറയുന്നേ രോയി കിടന്നുറങ്ങ്. അങ്ങനെ അവർ അന്നു രാത്രി കിടന്നുറങ്ങി

പിറ്റേദിവസം പോകാറാകുമ്പോഴാണ് കല്ലിൽ തട്ടി ഗണേശൻ വീണത്. കാലിൽ വലിയ മുറിവുണ്ട്. രമണി തുണി വെച്ച് കാലിൽ കെട്ടി കൊടുത്തു. ഇതിനിടയ്ക്കാണ് രമണി ചോദിച്ചത് :അല്ല മോനെ നീയെങ്ങനെ ഈ കാലും വച്ച് മത്സരത്തിൽ പങ്കെടുക്കും? ഇതു കേട്ട് ഗണേശൻ പറഞ്ഞു :അത് കുഴപ്പമില്ലമ്മേ ഞാൻ പോയി ഫസ്റ്റ് വേടിക്കുകയും തന്നെ ചെയ്യും . അതും പറഞ്ഞ് അവൻ സ്കൂളിലേക്ക് പോയി .

അന്ന് നാല് മണിവരെ രമണി മകനെ കുറിച്ചോർത്തിരിക്കുകയായിരുന്നു. അങ്ങനെ ഉമ്മറ ത്തിണ്ണയിലിരുന്നു മരകൊമ്പുകൾ മുറിച്ച് വിറക് ഉണ്ടാക്കുകയായിരുന്നു. അപ്പോഴാണ് ഗണേശൻ ട്രോഫിയും മെഡലും പണവും പിടിച്ച് ഓടി വരുന്നത് "അമ്മേ അമ്മേ എനിക്ക് മത്സരത്തിൽ ഒന്നാം സ്ഥാനം കിട്ടി”. ഇത് കേട്ട് രമണി ഓടിച്ചെന്ന് മകനെ വാരി പ്പുണർന്നു കവിളിൽ നിറയെ ഉമ്മവെച്ചു.ഈ സ്നേഹത്തിനിടയിൽ അവൻ തന്റെ കാലിനു പറ്റിയ മുറിവ് ഓർക്കുക തന്നെ ചെയ്തില്ല വേദനയോ ഉണ്ടായിരുന്നില്ല.

*ആവണി. കെ.ആർ*

# ലീഡറേച്ചി

ലീഡറേച്ചി,അവളൊരു ലീഡറേച്ചി(2)
കറുത്ത ബോർഡിൻമേൽ
വെളുത്ത ചോക്കകൊണ്ട്
വായെതോന്നുന്ന പേരുകളെഴുതും ലീഡറേച്ചി
ലീഡറേച്ചി...(2)
അങ്ങട്ടോട്ടും ഇങ്ങോട്ടോട്ടും
ബോർഡിൽ ഞങ്ങടെ പേരെഴുതും
ചെവിയൊന്നു മൊഴിഞ്ഞാൽ പിന്നെ
വള വള വള വള പൊടിപൂരം
ലീഡറേച്ചി....(2)
ലീഡറേച്ചി.. ലീഡറേച്ചി
ഞങ്ങള് പാവല്ലേ
താരകൾ വിരിയും പൂമാനത്തിലൊരന്തിനിലാവല്ലേ
ടീച്ചറോട് പറഞ്ഞാലോ
കുട്ടികൾക്ക് നോവില്ലേ
ലീഡറേച്ചി.. ലീഡറേച്ചി
ഇങ്ങനെ ചെയ്യല്ലേ
( ലീഡറേച്ചി )2

അർജ്ജുൻ ടി.കെ (8.b )

# സുന്ദരി പൂമ്പാറ്റ

ഒരു ദിവസം സുന്ദരി പൂമ്പാറ്റ പാറിപ്പാറി നടക്കുമ്പോൾ കുറേ പൂമ്പാറ്റകളെ കണ്ടു. അവരുടെ ഒപ്പം സുന്ദരി പൂമ്പാറ്റ പോയി. അങ്ങനെ പൂന്തേൻ കുറേ കുടിച്ചു. അങ്ങനെ അവർ പിരിഞ്ഞു. പിറ്റേ ദിവസം അവരെ ആരെയും കണ്ടില്ല. സുന്ദരി പൂമ്പാറ്റയ്ക്ക് സങ്കടമായി. അപ്പോൾ ആ വഴിയിലേക്ക് ഒരു പൂമ്പാറ്റ വന്നു. അപ്പോൾ ആ പൂമ്പാറ്റയോട് ചോദിച്ചപ്പോൾ "അവരെ ഞാനും കണ്ടില്ല". അങ്ങനെ കുറേ ദിവസം ഇവരെ കണ്ടില്ല. പിന്നെ ഒരു ദിവസം കണ്ടു അപ്പോൾ ചോദിച്ചപ്പോൾ "ഞങ്ങളെ ഒരു മനുഷ്യൻ പിടിച്ചു".
ഞങ്ങൾ നിന്റെ കൂടെ പോരട്ടെ?. "പിന്നെ എന്താ നിങ്ങൾ എന്റെ കൂടെ പോരൂ".പക്ഷെ നിങ്ങൾക്ക് എന്റെ സ്ഥലം പറ്റുമോ?. "അതിന് എന്താ ഞങ്ങൾക്ക് ആ സ്ഥലം പറ്റാത്തത്". "ഞങ്ങൾ ഒരു ചെറിയ സ്ഥലത്താണ് ജീവിക്കുന്നത്". "എന്നാൽ നിങ്ങൾ വരൂ". "എന്റെ ഒപ്പം പോന്നോളൂ". പിന്നെ എല്ലാവരും കളിച്ചു രസിച്ചു. അങ്ങനെ കുറേ ദിവസം കഴിഞ്ഞ് അവർ മരിച്ചു പോയി.

ശിവന്യ.പി
5.A

# സിൻഡ്രല

കുടുംബമുണ്ടായിരുന്നു.
അച്ഛനുംഅമ്മയും ഒരു പെൺകുട്ടിയും . ആ കുട്ടിയുടെ പേരാണ് സിൻഡ്രല.അവരുടെ സന്തോഷത്തിന്റെ നാളുകളിലേക്ക് ഒരു ദുരന്തം വന്നു. സിൻഡ്രലയുടെ അമ്മ മരിച്ചു. അതിനു ശേഷം അവൾക്ക് ഭയങ്കര സങ്കടമായിരുന്നു. അവളുടെ ജീവിതം അവളുടെ രണ്ടാനമ്മ അവളെ കൊണ്ട് വിട്ടു ജോലി മുഴുവൻ ചെയ്യിക്കും. അവരുടെ രണ്ട് പെൺമക്കളുടെ എല്ലാ ഡ്രസ്സും മറ്റും അലക്കുന്നതും ഇവളാണ്. അങ്ങനെ അവർക്ക് മൂന്നു പേർക്കും കല്ല്യാണ പ്രായമായിരിക്കെ ആ രാജ്യത്തിലെ കൊട്ടാരത്തിൽ ഒരു വിരുന്ന് സൽക്കാരമുണ്ടായിരുന്നു. അതിലേക്ക് എല്ലാവരെയും ക്ഷണിച്ചിരിക്കുന്നു. സിൻഡ്രലയുടെ അച്ഛനും അമ്മയും മറ്റു രണ്ട് പെൺകുട്ടികളും പോവാനൊരുങ്ങിസിൻഡ്രലയാണ് അവളുടെ അനിയത്തിമാരെ അണിയിച്ചു ഒരുക്കിയത്. അവർ

രണ്ട് പേരും സിൻഡ്രല്ലയെ കളിയാക്കി കൊണ്ടിരുന്നു. ഓ..... ഒരു സുന്ദരി അവളുടെ ഡ്രസ്സ് കണ്ടില്ലേ.. നിറയെ അഴുക്കാണ്. സിൻഡ്രല്ലയ്ക്കും വിരുന്നിന് പോകണമെന്നുണ്ടായിരുന്നു. സിൻഡ്രല്ലയോട് അവളുടെ രണ്ടാനമ്മ വരണ്ട എന്നു പറഞ്ഞു. നിനക്ക് നല്ല ഒരു ഡ്രസ്സുപോലുമില്ല. അതുകൊണ്ട് നീ വരണ്ട എന്നു പറഞ്ഞു. അങ്ങനെ അവർ പോയി കഴിഞ്ഞപ്പോൾ സിൻഡ്രല്ല അവിടെ ഇരുന്നു കരഞ്ഞു. ആ സങ്കടം കണ്ട് ഒരു വൃദ്ധ മാലാഖ പ്രത്യക്ഷപ്പെട്ടു. അവളോട് വിരുന്നിന് പോകാൻ സഹായിക്കാം എന്നു പറഞ്ഞു.ഒരു ഉടമ്പടിയോട് കൂടി അവൾക്ക് പുത്തൻ സ്വർണ്ണം കൊണ്ട് നിർമിച്ച ഡ്രസ്സും സ്വർണാഭരണങ്ങളും നൽകി വിരുന്നിനുപറഞ്ഞയച്ചു. രാത്രി ഒരു മണിക്കു മുമ്പ് തിരിച്ചെത്തണം എന്നായിരുന്നു ആ ഉടമ്പടി കൊട്ടാരത്തിൽ എത്തിയ പെൺകുട്ടികൾക്ക് കുമാരനൊത്ത് നൃത്തം ചെയ്യാമായിരുന്നു. അതിൽ നന്നായി നൃത്തം ചെയ്യുന്ന കുട്ടിയെ കുമാരൻ വിവാഹം കഴിക്കുമായിരുന്നു. അങ്ങനെ കുമാരന് സിൻഡ്രല്ലയെ ഇഷ്ടമായിരുന്നു. പക്ഷെ നൃത്തം ചെയ്ത് സമയം ഒരുമണി ആയത് സിൻഡ്രല്ല

അറിഞ്ഞില്ല.ക്ലോക്കിൽ നിന്നും മണിമുഴക്കം കേൾക്കുമ്പോഴാണ് സിൻഡ്രല്ല സമയം നോക്കുന്നത്. അവൾ വേഗം അവിടെ നിന്ന് ഓടി. ഓട്ടത്തിനിടയിൽ അവളുടെ ചെരുപ്പ് അവിടെ മറന്നു വച്ചു പോയി. അങ്ങനെ ആ ചെരുപ്പിന്റെ ഉടമയെ അന്വേഷിച്ചു. അങ്ങനെ സിൻഡ്രലയുടെ വീട്ടിലുമെത്തി. രണ്ടാനമ്മ അവരുടെ രണ്ട് മക്കളെ യും വിളിച്ചിട്ട് ചെരുപ്പ് അണിയാൻ പറഞ്ഞു. അവർക്ക് അതു കൊണ്ടില്ല. കുമാരൻ സിൻഡ്രലയോട് ചെരുപ്പ് അണിയാൻ പറഞ്ഞു. സിൻഡ്രലയ്ക്ക് ശരിക്കും പാകമായിരുന്നു. അങ്ങനെ കുമാരൻ സിൻഡ്രലയെ വിവാഹം കഴിച്ചു.

അനില
**5.A**

**തട്ടുകട**

പെട്ടന്നയ്യാ  തെരുവോരത്ത്
പൊട്ടിമുളച്ചോരു  തട്ടുകട
പുട്ടും  ബീഫും ചിക്കൻ ഫ്രൈയും
നൊട്ടിനുണഞ്ഞു  ജനക്കൂട്ടം
കപ്പ  പുഴുങ്ങിയതു  പലവിധം
അടകൾ  വടകൾ  പൊടിപൂരം
കലപില കൂട്ടി കാറുകൾ സൈക്കിളുകൾ
കവലയിലാകെ  പൊടിപൂരം

റീമ നാസർ

*5B*

# *വിഷുക്കണി*

ഏപ്രിൽ  മാസം  പാതിയായി
എത്തി   മേടം  വിഷു  വന്നു
കൊന്ന  മരത്തിൽ പൊന്നു തിളങ്ങി
മണ്ണിൽ  കണിവെള്ളരിയുണ്ടായി
വീട്ടിൽ  അച്ഛൻ വാങ്ങിയുടുപ്പുക
ളേട്ടൻ വാങ്ങി മത്താപ്പും
രാവിൽ  പട പട പൊട്ടി ഉണ്ടുകൾ
ഏറേ  നേരം  പുലരാനിയും
ഏട്ടൻ  തട്ടിയുണർത്തുന്നു
കണ്ണുകൾ പൊത്തി കൊണ്ടോയ് പിന്നെ
കണികാണിക്കുന്നയ്യയ്യാാാ

റീമ നാസർ

*5 B*


ശ്വേത വി. ടി
VA


വി.ടി
V A

# വായനാ കുറിപ്പ്

## പഴഞ്ചൊല്ല് പറഞ്ഞ് കളിക്കാം

പഴഞ്ചൊല്ല് പറഞ്ഞ് കള്ക്കാം എന്ന ബുക്ക് എനിക്ക് വളരെ അധികം ഇഷ്ട്ടപ്പെട്ടു. ഈ ബുക്ക് എഴുതിയത് യു. രാധാകൃഷ്ണൻ എന്ന ആളാണ് എഴുതിയത്.
ഭാഷയുടെ നിധി
പേടകത്തിലെ അമൂല്യരത്നങ്ങളാണ്
പഴഞ്ചൊല്ലുകൾ. പഴഞ്ചൊല്ല് വളരെ രസകരമായ ഒു കളിയാണ്.
പഴഞ്ചൊല്ല് നമ്മൾക്ക് മുത്തശ്ശിമാർ കുറയേ പറഞ്ഞു തരും. പണ്ട് കാലത്തെ പഴഞ്ചൊല്ല് കേൾക്കാൻ വളരെ അധികം  രസമാണ്. പഴഞ്ചൊല്ല് വെറും ഒരു വാക്കല്ല. അത് നമുക്ക് വലുതായി പഴഞ്ചൊല്ല് പറയാൻ നല്ലതാണ്. പഴഞ്ചൊല്ല് എന്ന ബുക്കിൽ കുറയേ മനസ്സിലാക്കാൻ കഴിയുന്ന കുറയേ
പഴഞ്ചൊല്ല്
ഉണ്ട്. എനിക്ക് ഇതിൽ ഇഷ്ട്ടപെട്ട കുറയേ

പഴഞ്ചൊല്ല് ഉണ്ട്. തലമുറകൾക്ക് അപ്പുറത്തേക്ക് പ്രകാശം ചൊരിയുന്ന ഇവയ്ക്ക് സാഹിത്യത്തിലും നിത്യ ജീവിതത്തിലും പ്രധാന സ്ഥാനമുള്ള താണ് പഴഞ്ചൊല്ല്. കുട്ടികൾക്ക് വായിച്ചും പറഞ്ഞും കളിക്കാനും രസിക്കാനും ഉതകുന്ന പഴഞ്ചൊല്ലുകളുടെ സമാഹാരമാണിത്. എനിക്ക് ഇതിൽ ഇഷ്ടപ്പെട്ട

ഒരു പഴഞ്ചൊല്ലു ഉണ്ട് "ഹോമിക്കാൻ

കോടുത്തതു

തീയിലിട്ടോ എന്നറിയണോ?"നൽകിയ നിന്നെ കുറിച്ചിട്ട് കാര്യമില്ല എന്ന ഈവരി എനിക്ക് ഇഷ്ടപെട്ടു. പഴഞ്ചൊല്ലുകൾ എന്ന ബുക്ക് കണ്ടാൽ വായിക്കാതിരിക്കരുത്. അത് നമുക്ക് മറ്റു ബുക്കുകൾ വായിക്കുന്നത് പോലെയാണ് പഴഞ്ചൊല്ല്. യു. രാധാ കൃഷ്ണൻ എന്ന എഴുതിയ ഈ പഴഞ്ചൊല്ല് പറന്ന് കളിക്കാം ഉള്ളത് എനിക്ക് വളരെ അധികം ഇഷ്ടപെട്ടു. ഇനി നമ്മുടെ ഭാവിയിൽ ഒരു കഥാബുക്ക് അങ്ങനെ മറ്റു ബുക്കുകളും എഴുതാൻ നമുക്ക് സാധിക്കട്ടേ! ഇങ്ങനെയുള്ള കുറയെ കാര്യങ്ങൾ പഠിച്ചാലും അത് മനസ്സിലാക്കാനും നമുക്ക് കഴിയണം. നമ്മൾ ഏതു ബുക്ക് കണ്ടാലും നമ്മൾ


വായിക്കാതെ ഇരിക്കരുത്.

ഷഫീല.പി( 7:b )

# *വായനകുറിപ്പ്*

ശ്രീ സെൻസായ് എം. മോഹൻകുമാർ എഴുതിയ 'ന്യൂട്ടന്റെ കഥ' എന്ന ബാലസാഹിത്യമാണ് ഞാൻ വായിച്ചത്. ലോകത്തിന് ശാസ്ത്രത്തിന്റെ സത്യങ്ങൾ നൽകിയ , എല്ലാവരും ആദരിക്കപ്പെടുന്ന മഹാപ്രതിഭയായ സർ – ഐസക് ന്യൂട്ടന്റെ ദുരന്തങ്ങളും ദുർവിധികളും നേട്ടങ്ങളും സന്തോഷങ്ങളും വിവരിച്ചുകൊണ്ട് അദ്ധേഹത്തിന്റെ ജീവിതത്തിലൂടെ കടന്നു പോകുന്ന അനുഭവങ്ങളുടെ ഹ്രസ്വരൂപമാണ് ഈഗ്രന്ഥം. കാലത്തിന്റെയോ ദേശത്തിന്റെയോ സംസ്കാരത്തിന്റെയോ നേട്ടങ്ങളുടെയോ ചരിത്രമെടുത്താൽ ഒഴിച്ചുകൂടാനാവാത്ത ഒരു മഹാപ്രതിഭയുടെ ജീവിതത്തിലെ ചില നിമിഷങ്ങൾ പോലും ഇതിൽ വിവരിക്കുന്നുണ്ട്. ഗണിതശാസ്ത്രത്തിലെ സിംഹം,ജനനം, ബാല്യകാലം, ഉപരിപഠനം, ആപ്പിൾ കഥ, ഗുരുത്വാകർഷണ നിയമം, പ്രൻസിപ്പിയ മാത്തമാറ്റിക്ക , അന്ത്യനാളുകൾ, മറവിക്കാരനായ പ്രതിഭശാലി എന്നിങ്ങനെ പത്തോളം കൊച്ചുകഥകൾ ഇതിൽ

പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ഈ കഥകൾക്കെല്ലാം തുടക്കത്തിൽ സർ – ഐസക് ന്യൂട്ടന്റെ ഏതാനും പ്രമുഖ വാക്കുകളും മാത്തമാറ്റിക്സിലെ ഏതാനും ഫ്രൂപങ്ങളും നൽകിയിട്ടുണ്ട്. ഈ കൊച്ചുകഥകളെല്ലാം ശാസ്ത്രവുമായി ബന്ധപ്പെട്ടതാണ്. ഈ കഥയിലെ പ്രധാന കഥാപാത്രം സർ – ഐസക് ന്യൂട്ടനാണ്. ഇദ്ധേഹത്തെ കുറിച്ച് ജനനം മുതൽ മരണം വരെയുള്ള പല തരത്തിലുള്ള കാര്യങ്ങളും കഥയാക്കിയിട്ടുണ്ട്. കൂടാതെ ശാസ്ത്രത്തിലുള്ളതും, കണ്ടുപിടുത്തങ്ങളും ആയി ധാരാളം വിവരങ്ങളും ഇതിലുണ്ട്. ബാല്യകാലത്ത് അദ്ധേഹം പല കാര്യങ്ങളിലും ശ്രദ്ധേയമായിരുന്നു. ഈ കഥ എനിക്ക് വളരെയധികം ഇഷ്ടമായി.




അർച്ചന.കെ

*7.B*

# വൃത്തിയാണ് കാര്യം


പണ്ട് പണ്ട് കാക്കയും മൈനയും ഉണ്ടായിരുന്നു.ഒരു അരയാൽ മരത്തിലായിരുന്നു കാക്ക കൂടുണ്ടാക്കിയിരുന്നത്. ഒരു മൈനക്കിളിയും ഉണ്ടായിരുന്നു. അതിരാവിലെ കാക്ക കാട്ടിലെ ചപ്പുചവ
റും ചീഞ്ഞളിഞ്ഞ മാംസവുമൊക്കെ കൊത്തിവലിക്കു
ന്നത് കാണുമ്പോൾ മൈനക്ക് ഓക്കാനം വരും. മൈന
പറയും ഒരു വൃത്തിയുമില്ലാത്ത വർഗം. കാക്കയമ്മേ...
നിന്റെ കറുപ്പ് പോലെ തന്നെയാണല്ലോ സ്വഭാവവും. അയ്യെ... എന്തൊരു വൃത്തികേട്. കിട്ടുന്ന അവസരങ്ങ
ളിലെല്ലാം മൈന കളിയാക്കുമെങ്കിലും കാക്ക ഒന്നും
പറയാറില്ല. മൂങ്ങ മുത്തശ്ശി അതെല്ലാം അറിഞ്ഞു. മൈന
മൂങ്ങയുടെ തൊട്ടടുത്ത കൊമ്പിൽ പാറി വന്നിരുന്നു. മൂങ്ങ മുത്തശ്ശി പറഞ്ഞു ആ കാക്ക എന്തൊരു വൃത്തി കെട്ട പക്ഷിയാണ്.എന്നെ

നോക്കൂ എന്തൊരു വൃത്തിയാണെനിക്കല്ലേ?നീ പറയുന്നത് നേരുതന്നെ . പക്ഷേ അതു നീ പുറംമോടികൊണ്ട് പറയുന്നതല്ലേ..? അതുകൊണ്ട് ഫലമില്ല. നിങ്ങളുടെ പാർപ്പിടങ്ങൾ കൂടി കണ്ടാലേ അന്തിമ തീരുമാനം എടുക്കാൻ പറ്റൂ. എന്നാൽ എന്റേത് തന്നെയായിക്കോട്ടെ ആദ്യം മൈനയുടെ കൂടിനടുത്തെത്തിയപ്പോഴെ വൃത്തികെട്ട നാറ്റം വരുന്നുണ്ടായിരുന്നു ഹൊ എന്തൊരു വൃത്തി കേട് പിന്നെ അരയാൽ മരത്തിലെ കാക്കയുടെ കൂട്ടിൽ ഇരുവരും എത്തി ഹായ് എത്ര മനോഹരമായ കൂട് അഴുക്കിന്റെ ഒരു പൊടി പോലുമില്ല ഇത് നീ നോക്കിയോ മൈന ക്കിളി ഇപ്പോൾ നിനക്ക് മനസ്സിലായില്ലെ സൗന്ദര്യവും വൃത്തിയും സ്വന്തം രൂപത്തിൽ മാത്രം പോര തന്റെ പരിസരത്തും വീട്ടിലും അത് ഉണ്ടാകണം വീടു പോലെ തന്നെ തന്റെ നാടും വൃത്തിയാക്കുന്ന കാക്ക തന്നെയാണ് യഥാർത്ഥ സുന്ദരി.

ഫാത്തിമ അൻഷിദ M.K

7.B




Sandra .T


KODUMUNDA




Gopika.P
IX-B


Suravin




# നന്ദി...